## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 373** | **17.10. 2011-ൽ മറുപടിക്ക്**

### ട്രാഫിക് നിയമലംഘനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. പി.എ. മാധവൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | ട്രാഫിക് നിയമലംഘനങ്ങൾ തടയാൻ റോഡ് സെയ്ഫ്റ്റി അതോറിറ്റി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) | ട്രാഫിക് നിയമലംഘനങ്ങൾ തടയുവാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി താഴെ പറയുന്ന നടപടികളാണ സ്വീകരിച്ചിട്ടുള്ളത്.<br>1. **ട്രാഫിക് അതിജാഗ്രത സംവിധാനം (ട്രാഫിക് സർവൈലൻസ് റെഗുലേഷൻ & എൻഫോഴ്സ്മെന്റ് സിസ്റ്റം).**<br>പൊതുവെ ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിൽ നിഷേധാത്മക സമീപനമാണ് കേരളത്തിലെ ജനങ്ങൾ പുലർത്തിവരുന്നത്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചു കൊണ്ടുള്ള നിരീക്ഷണ ക്യാമറാ സംവിധാനങ്ങളിലൂടെ നിയമം ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടിയെടുക്കുന്നതിന്റെ ഭാഗമായുള്ള സംവിധാനങ്ങൾക്ക് കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ തുടക്കം കുറിച്ചു കഴിഞ്ഞു. ഈ സംവിധാനത്തിലൂടെ മറ്റു ക്രിമിനൽ കുറ്റകൃത്യങ്ങളും കണ്ടുപിടിക്കാൻ കഴിയുന്നതാണ്. മാത്രമല്ല ഈ സംവിധാനം മുഖേന തുല്യ നീതിയും തുല്യനിയമവും നടപ്പിലാക്കാനുമാകും. |

| | | | |
|---|---|---|---|
| | | | പോലീസ് ഡിപ്പാർട്ട്മെന്റിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും കെൽട്രോണിന്റെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ മേൽ നോട്ടത്തിലാണ് ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ ട്രാഫിക് അതീവ ജാഗ്രതാ സംവിധാനം നടപ്പിലാക്കുന്നത്.<br>തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിലെ 15 സ്ഥലങ്ങളിൽ റഡാർ സർവ്വൈലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് 1.5 കോടി രൂപ മോട്ടോർ വാഹന വകുപ്പിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരത്തിലെ 62 ജംഗ്ഷനുകളിലും കൊച്ചി നഗരത്തിലെ 15 ജംഗ്ഷനുകളിലും കോഴിക്കോട് നഗരത്തിലെ 20 ജംഗ്ഷനുകളിലും സ്പീഡ് ഡിറ്റക്ഷൻ ആന്റ് സെക്യൂരിറ്റി കം വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ ഘടിപ്പിക്കുന്നതിന് 6.1 കോടി രൂപ കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ 25% തുക കെൽട്രോണിന് നൽകിക്കഴിഞ്ഞു. പോലീസ് വകുപ്പിന്റെ ഏകോപനത്തിൽ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിക്കുന്നു.<br>കൂടാതെ ചേർത്തല- മണ്ണുത്തി മാതൃകാ റോഡിൽ റഡാർ സർവ്വൈലൻസ് സിസ്റ്റവും, ട്രാഫിക് റഗുലേറ്റിംഗ് സംവിധാനവും നടപ്പിലാക്കുന്നതിന് കെൽട്രോണിന് 2,24,67,763/- (രണ്ട് കോടി ഇരുപത്തിനാലുലക്ഷത്തി അറുപത്തി യേഴായിരത്തി എഴുന്നൂറ്റിയറുപത്തിമൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | തുകയുടെ 25% നൽകിക്കൊണ്ട് കെൽട്രോണിന് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ വേഗത്തിൽ പുരോഗമിക്കുന്നു. കൂടാതെ ദശവത്സര റോഡ് സുരക്ഷാ പദ്ധതിയുടെ ഭാഗമായി 110 ഇന്റർസെപ്റ്റർ വാങ്ങുന്നതിന് 35 കോടി രൂപയും, ആൽക്കോമീറ്റർ വാങ്ങുന്നതിന് 2 കോടി രൂപയും പോലീസ് വകുപ്പിനും നൽകിക്കഴിഞ്ഞു. |
| (ബി) | ഇതിനായി ട്രാഫിക് അതീവജാഗ്രതാ സംവിധാനം നടപ്പിലാക്കുമോ; വിശദമാക്കുമോ; | (ബി) | ട്രാഫിക് അതീവജാഗ്രതാ സംവിധാനം നടപ്പിലാക്കുന്നതിന് പോലീസ്, മോട്ടോർ വാഹനവകുപ്പുകൾക്ക് ധനസഹായം നൽകുകയും അവയുടെ നടത്തിപ്പിന്റെ പുരോഗതി കേരളാ റോഡ് സുരക്ഷാ അതോറിറ്റി നിരീക്ഷിക്കുകയും ചെയ്തു വരുന്നു. |
| (സി) | സംസ്ഥാനത്ത് മുഴുവനും ഈ സംവിധാനം ഏർപ്പെടുത്തുമോ; | (സി) | ഈ പദ്ധതി ഘട്ടം ഘട്ടമായി ആവശ്യമുള്ള സ്ഥലങ്ങളിൽ നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. |
| (ഡി) | ഈ സംവിധാനം ഏതൊക്കെ ഏജൻസികൾ/വകുപ്പുകളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത്? | (ഡി) | പോലീസ് വകുപ്പിന്റേയും മോട്ടോർ വാഹന വകുപ്പിന്റേയും, കെൽട്രോണിന്റെയും സഹായത്തോടുകൂടിയാണ് കേരളാ റോഡ് സുരക്ഷാ അതോറിറ്റി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ